(ബി) തോട്ടം തൊഴിലാളികളുടെ സമരകാലത്തും പി.എൽ.സി.-യുമായുള്ള ചർച്ചക്കു മുമ്പും ക്ഷേമനിധിയിൽ വകുപ്പുമന്ത്രി നടത്തിയ തൊഴിലാളി വിരുദ്ധ പ്രസ്താവന സമരം നീളുന്നതിനും ചർച്ചയിൽ തൊഴിലാളികൾക്ക് പ്രതികൂലമായി തീരുമാനം വന്ന കാര്യവും പരിശോധിച്ചിരുന്നോ; മന്ത്രി നടത്തിയ പരസ്യ പ്രസ്താവനകൾക്ക് ആധാരമായ വസ്തുതകൾ എന്തായിരുന്നു;

(സി) പരിമിതമായ കൂലി വർദ്ധനയുടെ മറവിൽ തോട്ടം ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും നികുതി ഇളവുകളും നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) കൂലി വർദ്ധനവ് തോട്ടം മേഖലയെ തകർക്കുമെന്ന മന്ത്രിയുടെ പരസ്യ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ, തൊഴിലാളി താല്പര്യം മുൻനിർത്തി നഷ്ടത്തിലുള്ള തോട്ടങ്ങൾ ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലോ സമാന രീതിയിലോ നടത്തുന്നതിനെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൂലി വർദ്ധന നടപ്പാക്കാനാകില്ലായെന്ന് അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടില്ല.

(ബി) തൊഴിലാളി വിരുദ്ധ പ്രസ്താവന നടത്തിയിട്ടില്ല.

(സി &ഡി) പരിഗണനയിലില്ല.

തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാർ

277 (966) ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാറിന്റെ കാലാവധി അവസാനിച്ചത് എന്നായിരുന്നെന്നും പുതുക്കിയ കൂലി എന്നു മുതൽ നൽകാനാണ് ധാരണയായിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പുതുക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാസസ്ഥലങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കൽ, ഇ.എസ്.ഐ. ആനുകൂല്യം, ചികിത്സാ സഹായം എന്നിവയിൽ തൊഴിലാളികൾക്ക് അനുകൂലമായ എന്തൊക്കെ കാര്യങ്ങളാണ് കരാർ പ്രകാരം നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-12-2014-നാണ് നിലവിലുണ്ടായിരുന്ന ദീർഘകാല വേതന കരാറിന്റെ കാലാവധി അവസാനിച്ചത്. പുതുക്കിയ കൂലി എന്നുമുതൽ നൽകണമെന്ന വിഷയത്തിൽ ധാരണയായിട്ടില്ല.

(ബി&സി) പ്ലാന്റേഷൻ മേഖലയിലെ ദീർഘകാല വേതന കരാർ പുതുക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്.

അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

278 (967) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തേയിലത്തോട്ടങ്ങൾ ഉണ്ട്; അവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര;

(ബി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെല്ലാം കൂടി ഉണ്ടായിരുന്ന തോട്ടം തൊഴിലാളികൾ എത്രയായിരുന്നു;

(സി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) കമ്പനികൾ പ്രവർത്തനം നിർത്തിവച്ച ഏതെങ്കിലും തോട്ടം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 179 തേയിലത്തോട്ടങ്ങളുണ്ട്. 175 തേയിലത്തോട്ടങ്ങൾ പ്രവർത്തിക്കുന്നു.

(ബി) 861 പേർ.

(സി) ബോണക്കാട് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) ന്റെ നേതൃത്വത്തിൽ വിവിധ ചർച്ചകൾ നടത്തുകയും ചർച്ചയിൽ മാനേജ്മെന്റും ബന്ധപ്പെട്ട തൊഴിലാളി യൂണിയനുകളും വിവിധ വ്യവസ്ഥകൾ പരസ്പരം അംഗീകരിച്ച് ഒത്തുതീർപ്പാക്കിയിട്ടുള്ളതാണ്. ടി തർക്ക വിഷയത്തിന്മേൽ 19-11-2012 മുതൽ 10-10-2014 വരെയുള്ള കാലയളവിൽ ആകെ

LIBRARY ARCHIVES Kerala Legislative Assembly